**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3529** **22.08.2017 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ അപര്യാപ്തതകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കൃഷ്ണൻകുട്ടി**<br>**ശ്രീ. സി.കെ.നാണു**<br>**ശ്രീ.കോവൂർ കുഞ്ഞുമോൻ**<br>**ശ്രീ.കെ.ബി.ഗണേഷ് കുമാർ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) | |
| എ) | ഒരു ജീവൻരക്ഷാ കേന്ദ്രത്തിന്റെ അത്യാഹിത വിഭാഗം റോഡ് മാർഗം അടിയന്തിരമായി എത്തിച്ചേരാൻ കഴിയുന്ന ഭാഗത്ത് ആയിരിക്കണമെന്നിരിക്കെ തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയുടെ കാഷ്വാൽറ്റിയിൽ എത്തി ച്ചേരുവാൻ വളരെ അധികം ചുറ്റിക്കറങ്ങേണ്ട സാഹചര്യമുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ രോഗികൾക്ക് അടിയന്തിരമായി എത്തിച്ചേരാൻ പാകത്തിൽ അത്യാഹിത വിഭാഗം ക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ; | ബി) | റോഡിനോടു ചേർന്നുള്ള പുതിയ അത്യാഹിത വിഭാഗത്തിന്റെ പണികൾ പൂർത്തിയായി വരുന്നു. |
| സി) | അത്യാഹിത വിഭാഗത്തിൽനിന്നും സി.ടി.സ്കാൻ മൈക്രോ ബയോളജി, എ സി ആർ ലാബുകൾ എന്നിവയിലേയ്ക്കുള്ള ദൂരക്കൂടുതൽ രോഗിയുടെ പ്രാഥമിക പരിശോധനയിൽ വരുത്തുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | സി) | സി.ടി സ്കാൻ, മൈക്രോബയോളജി എന്നിവ പൂർത്തിയായി വരുന്ന അത്യാഹിത വിഭാഗത്തിനു സമീപം തന്നെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| ഡി) | മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർ, നേഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ് അനുപാതം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഈ അനുപാതം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | ഡി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ